**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5210** | **15.11.2019 ൽ മറുപടിയ്ക്ക്**

## കാട്ടാക്കട മണ്ഡലത്തിലെ ജന്റർ റിസോഴ്സ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി)** |
| (എ) ഗ്രാമപഞ്ചായത്ത് തലത്തിൽ ജന്റർ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കുന്നതിന്റെ ഘടനയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജന്റർ റിസോഴ്സ് സെന്റർ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, അസിസ്റ്റന്റ് സെക്രട്ടറി കൺവീനറായും, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.എസ് ചെയർപേഴ്സൺ, രണ്ട് വനിത മെമ്പർമാർ, സന്നദ്ധപ്രവർത്തകരായ വനിതകൾ, വിദഗ്ദ്ധർ, അടക്കം 15 പേരുള്ള ടീമിനെ ജെന്റർ റിസോഴ്സ് സെന്ററിന്റെ ആവശ്യത്തിനായി രൂപീകരിക്കുന്നത്. |
| (ബി) അവയുടെ പ്രവർത്തനം സംബന്ധിച്ചും ലക്ഷ്യങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടകപദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക, തദ്ദേശസ്വയംഭരണ പ്രദേശത്തെ വിവിധ സ്ത്രീ ശാക്തീകരണ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നൽകുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുക, ഭരണ ക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള |

| | | | |
|---|---|---|---|
| | | | അതിക്രമങ്ങളെ ചെറുക്കുക, അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെട്ടവർക്ക് എല്ലാ പിന്തുണയും നൽകുക എന്നിവയാണ് ജന്റർ റിസോഴ്സ് സെന്ററിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ; രൂപീകരിച്ചതും രൂപീകരിക്കാനുള്ളവയുടെയും പേരു വിവരം വ്യക്തമാക്കാമോ? | (സി) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**